# കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്

# 2024-25 വാർഷിക ബഡ്ജറ്റ്

# ആമുഖം

പ്രിയമുള്ളവരെ,

കേരളത്തിൽ പതിനാലാം പഞ്ചവത്സ പദ്ധതിയുടെ മൂന്നാം വാർഷിക പദ്ധതി രൂപീകരണ കാലയളവിലാണ് 2024-25 വർഷത്തെ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ 25 വർഷം പൂർത്തിയായ വേളയിൽ വികേന്ദ്രീകൃതാസൂത്രണത്തിന്റെ മികവ് വലിയ തോതിൽ ഉപയോഗപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും, ദാരിദ്ര്യ നിർമ്മാർജ്ജന പ്രക്രിയയിലും ആരോഗ്യ സാമൂഹ്യക്ഷേമ മേഖലകളിലും ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിൽ ഭക്ഷ്യ സ്വയം പര്യാപ്തത എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. വൈവിധ്യമാർന്ന വികസന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള കാര്യക്ഷമമായ ശ്രമങ്ങൾ നടത്തി വരുന്നുണ്ട്.

ദാരിദ്ര്യ ലഘൂകരണത്തിൽ വലിയ തോതിൽ നമുക്ക് മുന്നേറാൻ സാധിച്ചിട്ടുണ്ട്. കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം, പശ്ചാത്തല വികസനം എന്നീ മേഖലകളിലെല്ലാം ഈ മുന്നേറ്റം ദൃശ്യമാണ്. എന്നാൽ കൃത്യമായ ആസൂത്രണത്തിന്റെ അഭാവം മൂലം ലക്ഷ്യ പ്രാപ്തിയിൽ എത്തിച്ചേരാൻ കഴിയാത്ത അനുഭവങ്ങളും നമ്മുടെ മുന്നിലുണ്ട്. പോരായാമകൾ പരിഹരിച്ചും നേട്ടങ്ങളുടെ കരുത്തിൽ നിന്നുകൊണ്ടും നമുക്ക് 14ാാം പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

കാർഷിക മേഖലയുടെ സമ്പൂർണ്ണമായ നവീകരണം ലക്ഷ്യമിട്ടു കൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. കൃഷിയുടെ ആധുനികവത്ക്കരണം സാങ്കേതിക വിദ്യയുടെ ഉപയോഗം, ഉല്പാദന വിതരണ ശൃംഖല ഉണ്ടാക്കൽ യന്ത്രവത്കൃത കൃഷിക്കുള്ള സൌകര്യം ഒരുക്കൽ എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ മുൻനിർത്തി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തി ജനങ്ങൾക്ക് പ്രാപ്യമാക്കാനും ഉത്പാദന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും കഴിയുന്നതാവണം 14 ാാം പഞ്ച വത്സര പദ്ധതിയുടെ പ്രവർത്തനങ്ങൾ. പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുംഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം എന്ന ക്യാമ്പയിൻ പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്.എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയുടെ ഭാഗമായുള്ള സർവ്വെ, തൊഴിൽ സഭകൾ എന്നിവ പൂർത്തീകരിച്ച് അടുത്ത ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്.മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം എല്ലാ വർഷത്തെയും പോലെ വലിയ മാറ്റമാണ് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ടാക്കിയത്. മുഴുവൻ തൊഴിൽ കാർഡുടമകളെയും, തൊഴിലാളികളെയും സജീവമാക്കി നമുക്ക് വലിയ നേട്ടം സ്വായത്തമാക്കാനാകും. വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനും, പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിനും ഒപ്പം ജനങ്ങൾക്കിടയിലെ ദാരിദ്ര്യം തുടച്ചു മാറ്റുന്നതിനും മികച്ച നിലയിൽ MGNREG പദ്ധതിയെ ഉപയോഗപ്പെടുത്തി ആസൂത്രണം നടത്തേണ്ടതുണ്ട്. ദാരിദ്ര്യ ലഘൂകരണ പദ്ധതികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ദരിദ്രരില്ലാത്ത ഒരു സമൂഹമായി നമ്മുടെ പഞ്ചായത്തിലെ ജനതയെ മാറ്റി തീർക്കാൻ സാധിക്കണം.

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ പശ്ചാത്തല മേഖലയിൽ സമൂലമായ മാറ്റം കൊണ്ട് വരാൻ കഴിഞ്ഞ കാലയളവിൽ നമുക്ക് സാധിച്ചിട്ടുണ്ട്. ഏതാണ്ട് എല്ലാ റോഡുകളും മികച്ച രീതിയിൽ ഗതാഗത യോഗ്യമാക്കാൻ കഴിഞ്ഞു. മെയിന്റനൻസ് ഗ്രാന്റിന്റെ വർദ്ധനവ് ഇക്കാര്യത്തിൽ പഞ്ചായത്തിന് ഏറെ സഹായകരമായി. ജനങ്ങളുടെ ഏറെ കാലത്തെ ആവശ്യമായ ബസ് സ്റ്റാന്റ് നിർമ്മാണം അവസാനഘട്ടത്തിലാണ്. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ബസ്സ്റ്റാന്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞു. *2024-25* ഈ പദ്ധതി കാലയളവിൽ സ്വപ്ന സാക്ഷാൽക്കാരം നടത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

അടിസ്ഥാന സൗകര്യവികസനത്തിലൂടെ പഞ്ചായത്തിന്റെ സമഗ്ര വികസനം സാധ്യമാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾക്കാണ് പഞ്ചായത്ത് നേതൃത്വം നൽകി വരുന്നത്.

ആരോഗ്യമുള്ള ജനസമൂഹമാണ് ആധുനിക വികസിത സമൂഹത്തിന്റെ മുഖമുദ്ര. രോഗ പ്രതിരോധത്തിന് ഊന്നൽ നൽകിയും രോഗികൾക്ക് സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ ആധുനിക ചികിത്സ ലഭ്യമാക്കിയും മുന്നോട്ട് പോവുക എന്നതാണ് ആരോഗ്യ മേഖലയുടെ പ്രഖ്യാപിത ലക്ഷ്യം. കയ്യൂർ FHC ദേശീയ തലത്തിൽ തന്നെ പ്രഥമ ഗണത്തിൽപ്പെട്ട ആരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഗവ.ആയുർവേദ ആശുപത്രിയിൽ 20 കിടക്കകളുള്ള സംവിധാനം ഒരുക്കുന്നതിനും ഹോമിയോ ആശുപത്രി മാതൃകാ ആശുപത്രി ആക്കി മാറ്റുന്നതിനും സാധിച്ചത് വലിയ നേട്ടമാണ്. 25 സന്നദ്ധ വളണ്ടിയർമാരും 17 ആശാവർക്കർമാരും, പാലിയേറ്റീവ് നഴ്സ് ഉൾപ്പടെയുള്ള പഞ്ചായത്ത് പാലിയേറ്റീവ് സംവിധാനം 500 ൽ അധികം രോഗികൾക്ക് ആശ്വാസമേകുന്നുണ്ട്. ഇ ഹെൽത്ത് സംവിധാനം കുറ്റമറ്റതാക്കിയും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ആധുനികവൽക്കരിച്ചും കുടുംബാരോഗ്യ കേന്ദ്രത്തിലെ സേവനങ്ങളെ സമ്പൂർണ്ണമാക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്.

ശുദ്ധമായ കുടിവെള്ളത്തിന്റെ കുറവ് ഫെബ്രുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ പഞ്ചായത്തിൽ വലിയ തോതിൽ അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയ രാജീവ് ഗാന്ധി സ്വജൽധാര കുടിവെള്ള പദ്ധതിയും കയ്യൂരിലുള്ള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയും ഉണ്ടെങ്കിലും മുഴുവൻ ജനങ്ങൾക്കും കുടിവെള്ളത്തിന് ശാശ്വത പരിഹാരം ആയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള സമഗ്രപദ്ധതി ആരംഭിച്ചിട്ടുണ്ട്. എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിന് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്.

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ എൻഡോസൾഫാൻ ദുരിതത്തിൻറെ ഫലമായി ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ആരംഭിച്ച പുനരധിവാസകേന്ദ്രം ഇന്നിപ്പോൾ സോഷ്യൽ സെക്യൂരിറ്റി മിഷൻ ഏറ്റെടുത്ത് കൊണ്ട് മാനസിക വൈകല്യങ്ങൾ ലഘൂകരിക്കുന്നതിന് ആധുനിക ഇലക്ട്രോണിക്സ് സംവിധാനങ്ങളോട് കൂടിയ മാതൃക ശിശു പുനരധിവാസ കേന്ദ്രമായി ഉയർത്താൻ സാധിച്ചിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ മേഖലയിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തേണ്ടത് നമ്മളിൽ നിക്ഷിപ്തമായ പ്രാധാന്യമേറിയ ഒരു കാര്യമെന്ന നിലയിൽ വയോജനക്ഷേമത്തിനും, അഗതികളുടെയും ഭിന്നശേഷിക്കാരുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിനും ബജറ്റിൽ അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണത്തിൻറെ ഭാഗമായി എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിയിൽ 165 ൽ അധികം വീടുകൾ പൂർത്തീകരിച്ച് നേട്ടമുണ്ടാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഈ വർഷവും പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തുക വഴി ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമാകാനും സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് ചുവട് വെക്കാനും സാധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്ത് മികവാർന്ന പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

2022-23 ബഡ്ജറ്റിൽ വിഭാവനം ചെയ്ത പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി ആരംഭിക്കുന്നതിനും തുക സ്വരൂപിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ദുരിതം അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ചെറിയ സഹായങ്ങൾ നൽകി വരുന്നുണ്ട്. കഴിഞ്ഞ വർഷം ആരംഭ

ഘട്ടത്തിലുള്ളതും തുടക്കം കുറിച്ചതുമായ ബൃഹത് പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ ഈ വർഷവും സ്വീകരിച്ച വരുന്നതാണ്.

ചുരുക്കത്തിൽ നമുക്ക് ലഭിച്ചിട്ടുള്ള പരിമിതമായ വിഭവങ്ങളുടെ വിവേക പൂർണ്ണമായ വകയിരുത്തലുകൾ വഴി പഞ്ചായത്തിൻറെ സമഗ്ര വികസനത്തിനുതകുന്ന സമഗ്രമായ ബജറ്റാണ് ലക്ഷ്യം വെക്കുന്നത്.

# ബജറ്റ് പ്രസംഗം

**എ) വീക്ഷണം**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166 ◌ാ◌ം ചട്ട പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള അനിവാര്യ ചുമതലകളും പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും ഏറ്റവും നല്ല രീതിയിൽ നിർവ്വഹിക്കുക വഴി ഗ്രാമ പഞ്ചായത്തിൻറെ സമസ്ത മേഖലകളും വികസന വഴിയിലേക്ക് കൊണ്ട് വരികയും സദ്ഭരണ തത്വത്തിലൂന്നി സാമൂഹ്യ സാമ്പത്തിക വികസനം സാദ്ധ്യമാക്കുക എന്ന വീക്ഷണമാണ് ഗ്രാമ പഞ്ചായത്തിനുള്ളത്. ജനങ്ങളുടെ ദീർഘകാല വികസനാവശ്യങ്ങൾ സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് ബജറ്റിന് മുൻ തൂക്കം നൽകിയിട്ടുണ്ട്

**ബി) ദൗത്യം**

വികേന്ദ്രീകൃതാസൂത്രണത്തിലൂടെ, പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന വിഭവങ്ങൾ ഉൾപ്പെടുത്തി വികസന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകയെന്നതാണ് ബജറ്റിൻറെ ദൗത്യം.

**സി) നയം**

പഞ്ചായത്ത് രാജ് നിയമങ്ങൾക്ക് വിധേയമായി അനിവാര്യ ചുമതലകൾ നിർവ്വഹിക്കുകയും വികസന കാഴ്ചപ്പാടുകളെ യാഥാർത്ഥ്യ ബോധത്തോടെ കാണുകയും ചെയ്താൽ മാത്രമേ വികസന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകയുള്ളു. ഗ്രാമപഞ്ചായത്തിൻറെ സാമൂഹിക, സാംസ്കാരിക സാമ്പത്തിക വികസനം പൊതുജന പങ്കാളിത്തത്തോടെ ലഭ്യമാകുന്ന എല്ലാ വിഭവ സ്രോതസ്സുകളും ഉൾപ്പെടുത്തി നടപ്പിലാക്കുക എന്ന നയമാണ് പഞ്ചായത്തിനുള്ളത്. ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുക,

പാർപ്പിട പദ്ധതികൾക്ക് സംഭാവനകളും സൌജന്യങ്ങളും അടക്കം ധനസ്രോതസ്സുകൾ കണ്ടെത്തുക തുടങ്ങിയ നയ സമീപനവും പഞ്ചായത്തിനുണ്ട്.

## ഡി) ഉദ്ദേശ്യങ്ങൾ

ഭക്ഷ്യ സുരക്ഷ, ക്ഷീര സമൃദ്ധി ,മികച്ച സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും ആതുര സേവനവും , ആകർഷകമായ പൊതു വിദ്യാഭ്യാസം, ഗ്രാമീണ റോഡുകൾ നിർമ്മിച്ച് മെച്ചപ്പെട്ട ഗതാഗത സൗകര്യം, സുലഭമായ കുടിവെള്ള ലഭ്യത, സമ്പൂർണ്ണ ശുചിത്വം തുടങ്ങിയ പൊതുജനാവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശ്യത്തോടെയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

## ഇ) മുൻഗണനകൾ

സംസ്ഥാന സർക്കാർ അനുവദിക്കുന്ന വികസന ഫണ്ടുകളും പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ടുമാണ് നമ്മുടെ പ്രധാന വിഭവ സ്രോതസ്സ്. ഒപ്പം നമ്മുടെ തനത് വരുമാനവും. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ നമുക്ക് വികസന പ്രവർത്തനങ്ങൾ സാധിക്കുകയുള്ളൂ. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട മേഖലകൾക്ക് ഫണ്ടുകൾ നീക്കിവെച്ചുകൊണ്ട് ഫണ്ടുകൾ വകമാറ്റപ്പെടാതെ പദ്ധതി ആസൂത്രണം ചെയ്യുന്നതാണ്. വനിതകൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, കുട്ടികൾ, പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർ തുടങ്ങി എല്ലാ വിഭാഗങ്ങൾക്കും അർഹതപ്പെട്ട മുൻഗണന നൽകുന്നവിധമാണ് ബഡ്ജറ്റ് വിഭാവനം ചെയ്തിട്ടുള്ളത്.

## എഫ്) അവലോകനം

നടപ്പ് വർഷ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ നാം മികച്ച രീതിയിൽ നടത്തിവരുന്നുണ്ട്. ലഭ്യമാകുന്ന മുഴുവൻ ഫണ്ടുകളും മാർച്ച് അവസാനത്തോടെ പരമാവധി ചെലവഴിച്ച് പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന പ്രതീക്ഷ പഞ്ചായത്തിനുണ്ട്. ഇതിനാവശ്യമായ ഇടപെടലുകൾ ഭരണ സമിതി നടത്തി വരുന്നുണ്ട്.

**ജി) ധനശ്രോതസ്സുകളും ഉപയോഗവും**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണ കാലയളവിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം വിവിധ മേഖലകൾക്ക് പദ്ധതി വിഹിതം മാറ്റി വെക്കപ്പെടുമ്പോൾ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന ഫണ്ടിൽ കുറവു വരുമെന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു. എന്നിരുന്നാലും ഉല്പാദന സേവന മേഖലകളിൽ നാളിതുവരെ നമ്മൾ നൽകി വരുന്ന പ്രാധാന്യവും പരിഗണനയും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും തുടർ വർഷങ്ങളിലും ഉണ്ടാകും എന്നുള്ള കാര്യം ഉറപ്പ് നൽകികൊണ്ട് പഞ്ചായത്ത് മുന്നോട്ട് വെച്ചിട്ടുള്ള വികസന കാഴ്ചപാടുകളും ലക്ഷ്യങ്ങളും യാഥാർത്ഥ്യമാക്കുന്നതിന് എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും മറ്റെല്ലാ വിഭാഗം ആളുകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

12.02.2024 പ്രസിഡണ്ട്

ചീമേനി കയ്യൂർചീമേനി ഗ്രാമ പഞ്ചായത്ത്

# ബജറ്റ് കുറിപ്പ്

# കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2024- 25

പതിനാലം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷത്തെ പദ്ധതി രൂപീകരിച്ച കാലയളവിലാണ് കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്. 2024-25 വർഷത്തെ ബജറ്റ് ഉൽപാദന, സേവന മേഖലയിലെ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതാണ്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നവകേരള നിർമ്മിതിയുടെ തുടർ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്. അടിസ്ഥാന സൌകര്യ വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും പരിമിതികൾക്കിടയിൽ നിന്നും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

2023-24 വർഷത്തെ ബജറ്റിനെ അപേക്ഷിച്ച് 10 ശതമാനം വർദ്ധനവ് വരവ് ചെലവുകളിൽ വിഭാവനം ചെയ്തിട്ടുണ്ട്.

## 1.പ്രതീക്ഷിത വരുമാന സ്രോതസ്സുകൾ

| | | |
|---|---|---|
| 1 | നികുതി വരുമാനം | 83,50,000 |
| 2 | നികുതിയേതര വരുമാനം | 76,25,000 |
| **ആകെ തനത് വരുമാനം** | | **1,59,75,000** |
| 3 | ജനറൽ പർപ്പസ് ഗ്രാന്റ് | 1,68,00,000 |
| 4 | വികസന ഫണ്ട് ജനറൽ | 2,12,80,180 |
| 5 | വികസന ഫണ്ട് എസ്.സി.പി | 24,68,000 |
| 6 | വികസന ഫണ്ട് ടി.എസ്.പി | 6,89,000 |
| 7 | ധനകാര്യ കമ്മീഷൻ അവാർഡ് | 92,25,000 |
| 8 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 3,20,00,000 |
| 9 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 94,84,000 |

| | | |
|---|---|---|
| 10 | സംഭാവനകളും ഗുണഭോക്തൃ വിഹിതവും | 11,71,756 |
| 11 | സംയുക്ത പ്രൊജക്ടുകൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നി ലഭിക്കു ഫണ്ട് | 1,10,06,000 |
| 12 | കേന്ദ്രാവിഷ്കൃത സ്കീമുകൾ/പ്രൊജക്ടുകൾ | 10,98,44,000 |
| 13 | സംസ്ഥാനാവിഷ്കൃത സ്കീമുകൾ/പ്രൊജക്ടുകൾ | 7,33,00,000 |
| 14 | മറ്റ് ഫണ്ടുകൾ | 78,03,244 |
| 15 | പ്രസിഡണ്ടിന്റെ സഹായ നിധി (സംഭാവന) | 3,00,000 |
| 16 | ലോൺ് | 90,00,000 |
| **ആകെ** | | **29,44,71,180** |
| **ഒട്ടാകെ** | | **31,04,46,180** |

## 2)ഘടകസ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ

| | | |
|---|---|---|
| 1 | കൃഷി ഓഫീസ് | 65,000 |
| 2 | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 3,00,000 |
| 3 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1,05,000 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 50,000 |
| 5 | വെറ്റിനറി ഹോസ്പിറ്റൽ | 1,00,000 |
| 6 | ഐ സി ഡി എസ് ഓഫീസ് | 35,000 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | 40,000 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ. ഓഫീസ് | 1,00,000 |
| 9 | ഹെഡ്മാസ്റ്റർ | 1,10,000 |
| | **ആകെ** | **9,05000/-** |

## 3) സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമ പദ്ധതികൾക്കായി 1,03,39,070/- രൂപ വകയിരുത്തുന്നു. 2024-25 വർഷത്തെ ബജറ്റിൽ സ്ത്രീകൾ, കുട്ടികൾ, വയോദനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ക്ഷേമത്തിനുള്ള പദ്ധതികൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ അംഗൻവാടി അനുബന്ധ പദ്ധതികൾക്കും മറ്റ് സാമൂഹ്യ ക്ഷേമ പദ്ധതികൾക്കും ബജറ്റിൽ

പ്രാധാന്യം നൽകിയുണ്ട്. ബഡ്സ് സ്കൂൾ നടത്തിപ്പ് തുടങ്ങിയ പദ്ധതികൾക്കും തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

1) അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി- 33,00,000

2) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്ബത്ത നൽകൽ-1500000

3) പള്ളിപാറ ശിശുമന്ദിരത്തിലേക്ക് പോഷകാഹാര വിതരണം -35,000

4) ബഡ്സ് സ്കൂൾ പ്രവർത്തനം -2266270

5) വിശപ്പുരഹിതകേരളം - ജനകീയഹോട്ടൽ നടത്തിപ്പ് -112888

**4) സമൂഹത്തിലെ വിവിധ ദുർബലവിഭാഗങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന പ്രാധാന്യം**

സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് അർഹിക്കുന്ന പരിഗണന ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്. അഗതി ആശ്രയ പ്രൊജക്റ്റിനായി വികസന പദ്ധതിയുടെ ഭാഗമായി തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ദുർബല വിഭാഗക്കാരായവർക്കും സർക്കാരിൻറെ വിവിധ ക്ഷേമപെൻഷനുകളെ ആശ്രയിക്കുന്നവർക്കും പുതുക്കിയ നിരക്കിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനും ബഡ്ജറ്റിൽ മതിയായ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്ന 691 ഗുണഭോക്താക്കളും വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റുന്ന 1793 ഗുണഭോക്താക്കളും വികലാംഗ പെൻഷൻ വാങ്ങുന്ന 292 ഗുണഭോക്താക്കളും 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് വേണ്ടിയുള്ള പെൻഷൻ കൈപ്പറ്റുന്ന 91 ഗുണഭോക്താക്കളും വിധവ പെൻഷൻ ഗുണഭോക്താക്കളായി 1240 പേരും നിലവിലുണ്ട്. മേൽപ്പറഞ്ഞ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾക്കും സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം, മുതലായ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## 5)പട്ടികജാതി പട്ടികവർഗ്ഗ വികസനം

ഗ്രാമപഞ്ചായത്തിലെ വിവിധ സങ്കേതങ്ങളിലായി താമസിക്കുന്ന പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും ആകെ 36,56,500/-രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് , ,ഭവന പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾക്കും മറ്റ് പട്ടിക ജാതി പട്ടിക വർഗ്ഗ വികസന പദ്ധതികൾക്കും ബജറ്റിൽ തുക വകയിരുത്തുന്നു.

1) പട്ടിപട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-1,26,000

2) പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 2,50,000

3) പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-60,000

4) പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- 1,26,000

## 6) തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് അവിദഗ്ധ തൊഴിൽ നൽകുന്നതിനും വിവിധ പ്രൊജക്ടുകൾക്ക് മെറ്റീരിയൽ വാങ്ങുന്നതിനുമായി 10 കോടി രൂപ വകയിരുത്തുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ സംയോജന സാദ്ധ്യതകൾ കണ്ടെത്തി പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിനും ഗ്രാമപഞ്ചായത്തിൻറെ വികസന പ്രക്രിയക്ക് മുതൽക്കൂട്ടാകുന്ന പ്രവർത്തനങ്ങൾ ബഡ്ജറ്റ് വർഷത്തിൽ നടപ്പിലാക്കുന്നതുമാണ്. തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുക വഴി 1,85,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ ഇടം നൽകിയിട്ടുണ്ട്.

1) വനിതകൾക്ക് സ്വയംതൊഴിലിന് ധനസഹായം - വ്യക്തിഗതം-3,60,000

## 7) കാർഷികം, മൃഗസംരക്ഷണം, ക്ഷീരവികസനം,അനുബന്ധ മേഖലകൾ

കാർഷിക അനുബന്ധ മേഖലകൾ ഉൾപ്പെടെ ഉൽപ്പാദന മേഖലയ്ക്കായി 84,02,885/-രൂപ വകയിരുത്തുന്നു. ലഭ്യമാകുന്ന വികസന ഫണ്ടിൻറെ 30 ശതമാനത്തിൽ അധികരിക്കത്തക്ക തുക കൃഷിക്കും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾക്കാണ് ബഡ്ജറ്റ് ഊന്നൽ നൽകിയിട്ടുള്ളത്. കാർഷിക വിളകളുടെയും നാണ്യ വിളകളുടെയും ഉദ്പ്പാദനം വർദ്ധിപ്പിക്കുകയും പുതുതലമുറയെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്നതുമായ പദ്ധതികൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.. സമഗ്ര നെൽകൃഷി വികസനം, തെങ്ങ് കൃഷിവികസനം , പച്ചക്കറി വികസന പദ്ധതി തുടങ്ങിയ പദ്ധതികൾക്കും മറ്റ് കൃഷി അനുബന്ധ പദ്ധതികൾക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് 41 ലക്ഷം, ക്ഷീര വികസനം 20 ലക്ഷം, മൃഗ സംരക്ഷണം 16 ലക്ഷം എന്നീ തുകകൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പാൽ ഉത്പ്പാദനത്തിൽ സ്വയം പര്യാപ്ത നേടുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ക്ഷീരവികസന മേഖലയിൽ ആവശ്യമായ പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ട്.

1) തെങ്ങ് കൃഷി വികസനം - 805268

2) കവുങ്ങ് കൃഷി വികസനം -405145

3) നെൽകൃഷി വികസനം – 21,27,984

4) പച്ചക്കറി കൃഷി വികസനം – 500000

5) മഞ്ഞൾ കൃഷി – 2,00,100

6) മുറ്റൊത്തൊരു മീൻ തോട്ടം – 60000

7) മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ – 500000

8) പാലിന് സബ്സിഡി– 3000000

## 9. ആരോഗ്യമേഖല

എല്ലാ വർഷത്തെയും പോലെ തന്നെ ആരോഗ്യ മേഖലക്ക് പ്രഥമ പരിഗണനയാണ് ഈ ബജറ്റിലും നൽകിയിട്ടുള്ളത്. ആരോഗ്യ മേഖലക്ക് – 1,21,44,000/– രൂപ വകയിരുത്തുന്നു. കൂടാതെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ആർദ്രം മിഷനുമായി സമന്വയിപ്പിച്ച് നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് ഊന്നൽ നകിയിയിട്ടുണ്ട്.

പാലിയേറ്റീവ് കെയർ , ആബുലൻസ് നടത്തിപ്പും റിപ്പയറും ,കയ്യൂർ എഫ്.എച്ച്.സിയിൽ ഡോക്ടർ നിയമനവും ശമ്പളവും , കയ്യൂർ എഫ്.എച്ച്സിയിൽ ലാബ് ടെക്നീഷ്യൻ നിയമനം – എഫ്.എച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ , ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, എൻഡോസൾഫാൻ രോഗികൾക്ക് മരുന്ന് വാങ്ങൽ, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്നിവയ്ക്കും മറ്റ് ആരോഗ്യ അനുബന്ധ പദ്ധതികൾക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1) | ഡയാലിസിസ് യൂനിറ്റിന് ധനസഹായം | 200000 |
| 2) | എഫ്എച്ച്സി ഡോക്ടർ നിയമനം | 637790 |
| 3) | എസ്സി മേഖല പ്രത്യേക ആരോഗ്യ പരിപാടി– കൈത്താങ്ങ് 1 | 40000 |
| 4) | മുഴക്കോം ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം | 450000 |
| 5) | പേ വാർഡ് ഉൾപ്പെട്ടുത്തി ചീമേനി ആയുർവേദ ആശുപത്രി അപ്ഗ്രേഷൻ | 1500000 |
| 6) | എസ്ടി മേഖല പ്രത്യേക ആരോഗ്യ പരിപാടി– കൈത്താങ്ങ് 2 | 40000 |
| 7) | എഫ്എച്ച്സിയിലേക്ക് മരുന്ന് | 600000 |

| | | |
|---|---|---|
| | വാങ്ങൽ | |
| 8) | എഫ്എച്ച്സിയിൽ ലാബ് ടെക്നീഷ്യൻ നിയമനം | 276600 |
| 9) | കയ്യൂർ എഫ്എച്ച്സിയിലെ ദൈനംദിന ചെലവുകൾ | 200000 |
| 10) | പാലിയേറ്റീവ് കെയർ പ്രൊജക്ട് | 1200000 |
| 11) | മെൻസ്ട്രൽ കപ്പ് വിതരണം | 300000 |
| 12) | സ്നേഹ സ്പർശം- വയോജന സൗഹൃദ പഞ്ചായത്ത് | 200000 |
| 13) | മുകുളം- 4 കൗമാര ആരോഗ്യ പരിരക്ഷ | 50000 |
| 14) | ആരോഗ്യജാഗ്രത- രോഗ പ്രതിരോധ പ്രവർത്തനങ്ങൾ | 200000 |
| 15) | ഉണർവ്വ്- ക്ഷയരോഗ വിമുക്ത പഞ്ചായത്ത് | 50000 |
| 16) | ഹമാരമെഹ്മാൻ 3- അതിഥി തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ | 50000 |
| 17) | ആരോഗ്യ ഗ്രാമം പദ്ധതി | 50000 |
| 18) | മിടിപ്പ് 4- ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി | 50000 |
| 19) | പ്രഥമ ശുശ്രൂഷ കിറ്റ് വിതരണവും ജീവൻ രക്ഷാ പരിശീലനവും | 100000 |
| 20) | പ്രാണരക്ഷ- ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് മരുന്ന് വാങ്ങൽ | 500000 |
| 21) | പ്രത്യാശ- അതിദാരിദ്ര നിർമ്മാർജനം-ചികിൽസാ സേവന പദ്ധതി | 400000 |
| 22) | ആബുലൻസ് നടത്തിപ്പ് | 500000 |
| 23) | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 2000000 |
| 24) | ആയുർവേദ ആശുപത്രിക്ക് ഫർണിച്ചർ | 100000 |
| 25) | ആയുർവേദ ആശുപത്രിയിലേക്ക് ലാബ് റീ ഏജൻ്റ് വാങ്ങൽ | 150000 |
| 26) | വൃദ്ധജനാരോഗ്യ പരിപാലനം | 300000 |

| | | |
|---|---|---|
| 27) | കയ്യൂർ കുടുംബാരോഗ്യത്തിന് ചുറ്റമതിലും ഗേറ്റും സ്ഥാപിക്കൽ | 1000000 |
| 28) | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 500000 |
| 29) | വലിയപൊയിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ നവീകരണം | 500000 |

## 10) വിദ്യാഭ്യാസ മേഖല

വിദ്യാഭ്യാസ മേഖലയ്ക്ക് ബജറ്റിൽ 40,62,000/ രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന വിദ്യാഭ്യാസ വികസന പ്രൊജക്ടുകൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിക്കനുസൃതമായി നടപ്പിലാക്കാനാണ് ബഡ്ജറ്റ് വിഭാവനം ചെയ്യുന്നത്. എസ്.എസ് എ പഞ്ചായത്ത് വിഹിതം, തുല്യതാപഠനം, വിദ്യാലയങ്ങൾക്കും സാംസ്കാരികസ്ഥാപനങ്ങൾക്കും ആനുകാലികങ്ങളും ദിനപത്രങ്ങളും , വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ റിപ്പയർ തുടങ്ങിയ പദ്ധതികൾക്കും മറ്റ് വിദ്യാഭ്യാസ അനുബന്ധ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുണ്ട്..

| | | |
|---|---|---|
| 1) | എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ | 800000 |
| 2) | സ്കൂളുകളിലേക്ക് പാചക ആവശ്യത്തിലേക്കായി പാത്രങ്ങൾ വാങ്ങൽ | 200000 |
| 3) | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 |
| 4) | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 126000 |
| 5) | പട്ടികവർഗവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 126000 |
| 6) | പട്ടികവർഗവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 60000 |
| 7) | വിവിധ സ്കൂളുകൾക്ക് ചുറ്റമതിൽ നിർമ്മാണം | 1000000 |
| 8) | സ്കൂളുകൾക്ക് മാലിന്യ നിർമ്മാർജന പദ്ധതി | 1500000 |

## 11).സദ്ഭരണം

സദ്ഭരണ പ്രവൃത്തികൾക്കായി 20,00,000 രൂപ വകയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് വഴി നൽകുന്ന സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും സേവനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനും ഇതുവഴി ലക്ഷ്യമിടുന്നു. ഇ-ഗവേണൻസ് സംവിധാനം മെച്ചപ്പെടുത്തൽ, പദ്ധതി മോണിറ്ററിംഗ് ചെലവുകൾ എന്നിവയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

1) പദ്ധതി രൂപീകരണം – നിർവ്വഹണം – മോണിറ്ററിംഗ് ചെലവ് 250000

2) ഇ ഗവണൻസ് സപ്പോർട്ടിന് ഐ കെ എം ന് വിഹിതം നൽകൽ 92476

3) പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി 100000

4) പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം 371940

5) ഗ്രാമപഞ്ചായത്ത് പ്രൊജക്ട് അസിസ്റ്റന്റിന് വേതനം 267480

7) എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ 200000

8) ലൈഫ് മിഷൻ വായ്പ തിരിച്ചവ് ജനറൽ 1800000

9) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്എസ് സി പി 639500

10) അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക 1252800

## 12) പാർപ്പിടം

എല്ലാവർക്കും പാർപ്പിടം എന്ന ഉദ്ദേശലക്ഷ്യത്തോടെയുള്ള സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി വഴി പഞ്ചായത്തിന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ലൈഫ് ഭവനം പദ്ധതി , ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി 1,91,89,500/-രൂപ വകയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | ഭവന പുനരുദ്ധാരണം ജനറൽ | 1600000 |
| 2 | ലൈഫ് ഭൂരഹിത – ഭവനരഹിത ഗുണഭോക്താക്കൽക് സ്ഥലം വാങ്ങൽ | 1000000 |
| 3 | ലൈഫ് ഭവന നിർമാണം- ജനറൽ | 12000000 |
| 4 | ലൈഫ് ഭവന നിർമാണം- | 600000 |

| | | |
|---|---|---|
| | പട്ടികവർഗം | |
| 5 | ഭവന പുനരുദ്ധാരണം പട്ടികജാതി വിഭാഗം | 1200000 |
| 6 | ഭവന പുനരുദ്ധാരണം പട്ടികവർഗ്ഗവിഭാഗം | 300000 |

## 13)കുടിവെള്ളം- ശുചിത്വം

കുടിവെള്ളം ശുചിത്വം പദ്ധതിക്ക് മാത്രമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആയി ലഭിക്കുന്ന 92,25,000/- ഉൾപ്പെടെ പദ്ധതികൾക്കായി 1,56,93,000 /-രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു. പഞ്ചായത്തിൽ സമ്പൂർണ്ണ കുടിവെള്ളം ഉറപ്പ് വരുത്തുക, സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് എന്നീ ലക്ഷ്യത്തോട് കൂടിയാണ് ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്.

| | | |
|---|---|---|
| 1 | എം സി എഫ് നിർമ്മാണം | 4000000 |
| 2 | ഹരിതകർമസേന പ്രവർത്തനങ്ങൾ | 250000 |
| 3 | വ്യക്തിഗതഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ | 581560 |
| 4 | മിനി എംസിഎഫ് നിർമ്മാണം | 2000000 |
| 5 | എം സി എഫ് ന് ചുറ്റുമതിൽ സ്ഥാപിക്കൽ | 1000000 |
| 6 | ഡബിൾ ചേമ്പേർഡ് ഇൻസിനേറ്ററിന് വിഹിതം നൽകൽ | 500000 |

## 14) പശ്ചാത്തല സൗകര്യ വികസനം

വികേന്ദ്രീകൃതാസൂത്രണത്തിൻറെ ഭാഗമായി ഗ്രാമപഞ്ചായത്തിൻറെ റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ വികസനം ദ്രുതഗതിയിലാണ്.

പുതിയ റോഡുകളുടെ നിർമ്മാണത്തിനും റോഡുകളുടെ മെയിൻറനൻസിനുമായി ആറ് കോടി രൂപ വകയിരുത്തുന്നു.

പഞ്ചായത്തിന്റെ ചിരകാല സ്വപ്നമായ പഞ്ചായത്ത് ബസ്സ്റ്റാന്റിന്റെ ആരംഭം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പഞ്ചായത്ത് ബസ്സ്റ്റാന്റ് യാദാർത്ഥ്യമാക്കുന്നതിലേക്കായി ബഹു വർഷ പദ്ധതിയിലുൾപ്പെടുത്തി 2 കോടി രൂപ വകയിരുത്തുന്നു. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നവീകരണത്തിനും മറ്റ് റോഡിതര മെയിന്റനൻസുകൾക്കുമായി8946000 രൂപയും വകയിരുത്തുന്നു.

| | | |
|---|---|---|
| 1 | കയ്യൂർ–അമൃതം – ന്യൂട്രിമിക്സ് അധികസൌകര്യം ഒരുക്കൽ | 500000 |
| 2 | പുലിയന്നൂർ ബാങ്ക് റോഡ് റീ ടാറിങ്ങ് ഡ്രെയിനേജ് | 1000000 |
| 3 | ബാങ്ക് റോഡ് ചന്ദ്രവയൽതട്ട് റോഡ് റീ ടാറിങ്ങ് | 300000 |
| 4 | നൂഞ്ഞ തച്ചർണ്ണംപൊയിൽ നിടുംബ റോഡ് റീ ടാറിങ്ങ് | 300000 |
| 5 | ചെമ്പ്രകാനം തച്ചർണ്ണംപൊയിൽ പെരുന്തോൽ കോളനി റോഡ് റീ ടാറിങ്ങ് | 1000000 |
| 6 | മാലേനി ആലന്തട്ട അമ്പലം റോഡ് റീ ടാറിങ്ങ് | 300000 |
| 7 | ഇരിയൽ മൊടോന്തടം റോഡ് റീടാറിങ്ങ് | 700000 |
| 8 | കടന്തക്കോട് കുക്കോട്ട് റോഡ് റീടാറിങ്ങ് | 500000 |
| 9 | കൊരയിച്ചാൽ ചെറുകര പാലത്തേര– റോഡ് റീടാറിങ്ങ് | 1000000 |
| 10 | പട്ടോട് അരയാലിൻകീഴിൽ മുണ്ടക്കര റോഡ് പുനരുദ്ധാരണം | 1500000 |
| 11 | പാലത്തേര കാലിച്ചാംപൊയിൽ ചെറുവത്തൂർ റോഡ് വീതി കൂട്ടി റീടാറിങ്ങ് | 700000 |
| 12 | കുളപ്പുറം വലിയപൊയിൽ ജിയുപിഎസ് റോഡ് റീ ടാറിങ്ങ് | 1000000 |
| 13 | പാലത്തേര ചിറക്കുണ്ട് നൂഞ്ഞ | 1000000 |

| | | |
|---|---|---|
| | റോഡ് വീതി കൂട്ടി റീ ടാറിങ്ങ് | |
| 14 | പാലോം സ്തംഭം കരുവാളം ചള്ളുവക്കോട് റോഡ് റീ ടാറിങ്ങ് | 700000 |
| 15 | നന്ദാവനം പരട് റോഡ് റീടാറിംഗ് | 500000 |
| 16 | കയ്യൂർ സെൻട്രൽ കാവുംചിറ റോഡ് റീ ടാറിങ്ങ് | 400000 |
| 17 | മുഴക്കോം ചാലക്കാട് അമ്പലം വയൽ റോഡ് റീ ടാറിങ്ങ് | 300000 |
| 18 | മുഴക്കോം വെള്ളാട്ട് റോഡ് റീ ടാറിങ്ങ് | 200000 |
| 19 | ചരൽ ആലന്തട്ട റോഡ് റീടാറിങ്ങ് | 1000000 |
| 20 | പാംപെരിങ്ങാര ചിരിയളം റോഡ് റീ ടാറിങ്ങ് | 500000 |
| 21 | പാംപെരിങ്ങാര ആനക്കല്ല് റോഡ് റീ ടാറിങ്ങ് | 400000 |
| 22 | കാക്കടവ് കുണ്ട്യം സ്കൂൾ റോഡ് റീ ടാറിങ്ങ് | 400000 |
| 23 | താങ്കൈ വെള്ളാട്ട് ക്ലായിക്കോട് രാമഞ്ചിറ റോഡ് റീ ടീറിങ്ങ് | 800000 |
| 24 | മുഴക്കോം സാംസ്കാരികനിലയം കിഴക്കേക്കര റോഡ് വീതി കൂട്ടി റീ ടാറിങ്ങ് | 1000000 |
| 25 | ചീമേനി പിലാന്തോളി നോർമ്മാണ്ടി റോഡ് റീ ടാറിങ്ങ് | 500000 |
| 26 | കനോത്തുംപൊയിൽ പട്ടോളി കുളിയാട് റോഡ് ഡ്രൈനേജ് | 1500000 |
| 27 | തൊട്ടുവാളം കാനോത്തുംപൊയിൽ റോഡ് റീടാറിങ്ങ് | 300000 |
| 28 | ചാനടുക്കം പായം റോഡ് റീ ടാറിങ്ങ് | 1000000 |
| 29 | കൊരയിച്ചാൽ ഹെൽത്ത് സെന്റർ നിത്യാനന്ദ കലാ കേന്ദ്രം റോഡ് റീ ടാറിങ്ങ് | 500000 |
| 30 | ചീമേനി പയ്യറാട്ട് പട്ടോളി റോഡ് ഡ്രൈനേജ് | 1000000 |
| 31 | കരിയാപ്പ് നാലുകുന്ന് റോഡ് പുനരുദ്ധാരണം | 500000 |

| | | |
|---|---|---|
| 32 | നെല്ലൂർ-ഉറവ് റോഡ് പുനരുദ്ധാരണം | 500000 |
| 33 | മുഴക്കോം വടക്കേക്കര ആലന്തട്ട റോഡ് റീ ടാറിങ്ങ് | 1000000 |
| 34 | കുളിയാട് പള്ളിപ്പാറ റോഡ് ഡ്രൈനേജ് | 1000000 |
| 35 | നാപ്പച്ചാൽ തിടിൽ റോഡ് ടാറിങ്ങ് | 400000 |
| 36 | മുഴക്കോം ദിനേശ് ബീഡി കമ്പനി ക്ലായിക്കോട് സി വി സ്മാരക വായനശാല റോഡ് ഡ്രൈനേജ് നിർമ്മാണം | 500000 |
| 37 | കയ്യൂർ മൃഗാശുപത്രി- വടക്കേക്കര- അരയാലിൻ കീഴ് റോഡ് ടാറിങ്ങ് | 400000 |
| 38 | മുഴക്കോം സി പി ഐ ഓഫീസ്- വെള്ളാട്ട് റോഡ് റീ ടാറിങ്ങ് വെള്ളാട്ട് സ്കൂൾ മുതൽ അംഗൻവാടി വരെ കോൺക്രീറ്റ് ഡ്രൈനേജ് | 1500000 |
| 39 | ഇരിയൽ കോളനി റോഡ് ടാറിങ്ങ് | 400000 |
| 40 | ഏലോത്തുംകാട് ചെറിയാക്കര സ്കൂൾ റോഡ് പുനരുദ്ധാരണം | 1000000 |
| 41 | പലോം ആലന്തട്ട ചൂടി റോഡ് ടാറിങ്ങ് | 400000 |
| 42 | കള്ളപ്പാത്തി തട്ട് റോഡ് കൽവേർട്ട് ഡ്രൈനേജ് നിർമ്മാണം | 1500000 |
| 43 | ചാനടുക്കം മുത്തുപ്പാറ അറുകര റോഡ് ഡ്രൈനേജ് നിർമ്മാണവും റീ ടാറിങ്ങും | 1500000 |
| 44 | മയ്യൽ മുത്തശ്ശിമാട് റോഡ് ടാറിങ്ങ് | 400000 |
| 45 | വെള്ളരിക്കുണ്ട് തളിയമ്മാട- പൊതാവൂർ-റോഡ് ടാറിങ്ങ് | 400000 |
| 46 | മന്ദച്ചംവയൽ വരക്കാട്ട് തട്ട്- കുണ്ട്യം റോഡ് ടാറിങ്ങ് | 400000 |
| 47 | ചെറുവപ്പാടി- ആനക്കല്ല് റോഡ് ടാറിങ്ങ് | 400000 |
| 48 | പോത്താംകണ്ടം അരിയിട്ടപ്പാറ | 400000 |

| | | |
|---|---|---|
| 49 | അറുകര റോഡ് ടാറിങ്ങ് അത്തുട്ടി ഞെക്ലിയങ്ങോട് ഒലിയറമുണ്ട റോഡ് ടാറിങ്ങ് | 400000 |
| 50 | കരിയാപ്പ് നാലുകുന്ന് റോഡ് ടാറിങ്ങ് | 400000 |
| 51 | ആനക്കാംപൊയിൽ ചെഗവേര കുണ്ടുപലോട് റോഡ് ടാറിങ്ങ് | 400000 |
| 52 | കള്ളക്കൊല്ലി– ചെമ്പ്രകാനം– വടക്കേത്തട്ട് റോഡ് ടാറിങ്ങ് | 400000 |
| 53 | ചെറൂപ്പ പുല്ലാഞ്ഞിപ്പാറ റോഡ് ടാറിങ്ങ് | 400000 |
| 54 | തിമിരി കൽനട വണ്ണാത്തൻകുഴി റോഡ് ടാറിങ്ങ് | 400000 |
| 55 | കുളപ്പുറം വലിയപൊയിൽ ജി യു പി എസ് റോഡ് ടാറിങ്ങ് | 400000 |
| 56 | ചള്ളുവക്കോട് തെക്കേക്കര വടക്കേക്കര റോഡ് സൈഡ് പ്രൊട്ടക്ഷൻ | 700000 |
| 57 | താങ്കൈ വെള്ളാട്ട് റോഡ് കൽവേർട്ടിന് വീതി കൂട്ടൽ ഡ്രൈനേജ് നിർമ്മാണം | 1000000 |
| 58 | കോട്ടുമൂല തിമിരി റോഡ് പുനരുദ്ധാരണം | 1000000 |
| 59 | സഫലം വനിതാ കശുവണ്ടി യൂണിറ്റിന് അധിക സൌകര്യം ഒരുക്കൽ | 150000 |
| 60 | കെ എസ് ഇ ബി കെട്ടിടം നവീകരണം | 600000 |
| 61 | പഞ്ചായത്തിൻറെ അധീനതയിൽ ഉള്ള വിവിധ സ്ഥാപനങ്ങളിലെ ബോർ വെല്ലിനു മോട്ടർ സ്ഥാപിക്കലും കുടിവെള്ള സൌകര്യ൦ ഒരുക്കലും | 700000 |
| 62 | പഞ്ചായത്ത് ഓഫീസിന് ചുറ്റമതിൽ നിർമ്മാണം | 300000 |

നമ്മുടെ പഞ്ചായത്ത് ഇന്നഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ ഇടം നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടു കൊണ്ട് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പുരോഗമനപരവും സുസ്ഥിരവുമായ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2024-25 വർഷത്തെ ബഡ്ജറ്റ് മുൻ ബാക്കി 18,70,802/-രൂപയും ,2024-25 വർഷത്തെ വരവ് 31,04,46,180/-രൂപ ഉൾപ്പെടെ 31,23,16,982/-രൂപ ആകെ വരവും 30,56,20,801/-രൂപ ആകെ ചെലവും നീക്കി ബാക്കി 66,96,181/- രൂപയുമുള്ള ബജറ്റ് സജീവ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

# ബജറ്റ് സംഗ്രഹം

പ്രാരംഭബാക്കി : 18,70,802

ആകെ വരവ് : 31,04,46,180

ഒട്ടാകെ : 31,23,16,982

ആകെചെലവ് : 30,56,20,801

നീക്കിയിരിപ്പ് : 66,96,181

എം.ശാന്ത

വൈസ് പ്രസിഡണ്ട്

കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്

# KAYYUR CHEEMENI GRAMA PANCHAYAT

## BUDGET FOR YEAR 2024-25

| | Particulars - ഇന വിവരം | | Actuals for the year 2022-23 യഥാർത്ഥ കണക്ക് 2022-23 | Revised Budget for the year 2023-24 പരിഷ്കരിച്ച ബജറ്റ് 2023-24 | Budget for the year 2024-25 ബജറ്റ് 2024-25 |
|---|---|---|---|---|---|
| A | **Opening balance(net)** - പ്രാരംഭ ബാക്കി | WS-1 | 2,291,567 | 7,977,029 | 1,870,802 |
| B | a) Tax revenue - നികുതി വരുമാനം | BS-1 | 6,731,303 | 7,900,000 | 8,350,000 |
| C | b) Non tax revenue - നികുതിയിതര വരുമാനം | BS-2 | 2,471,614 | 4,883,556 | 7,625,000 |
| D | Total Own Fund - ആകെ തനത് ഫണ്ട് | (B+C) | 9,202,917 | 12,783,556 | 15,975,000 |
| E | c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | BS-3 | 11,761,000 | 14,400,000 | 16,800,000 |
| F | Total -ആകെ | (D+E) | 20,963,917 | 27,183,556 | 32,775,000 |
| G | d) Other Grants(Plan) - മറ്റ് റവന്യു ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 121,368,373 | 99,024,987 | 169,363,680 |
| H | e) Other Grants(Non-Plan) - മറ്റ് റവന്യു ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 45,426,692 | 55,000,000 | 65,000,000 |
| I | Toal Revenue Income - ആകെ റവന്യൂ വരവുകൾ | (F+G+H) | 187,758,982 | 181,208,543 | 267,138,680 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 1,568,600 | 25,806,957 | 9,000,000 |
| K | Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 17,735,265 | 27,458,836 | 34,307,500 |
| L | Total Capital Income - ആകെ മൂലധന വരവുകൾ | (J+K) | 19,303,865 | 53,265,793 | 43,307,500 |
| M | Total Income - ആകെ വരവുകൾ | (I+L) | 207,062,847 | 234,474,336 | 310,446,180 |
